**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **12-02-2024 - ൽ മറുപടിയ്ക്ക്**

**സാന്ത്വന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നോർക്ക മുഖേന നടപ്പിലാക്കിവരുന്ന സാന്ത്വന പദ്ധതി പ്രകാരം നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; ആയതിന്റെ വിശദാംശം നൽകാമോ; | (എ) | സാന്ത്വന ധനസഹായ പദ്ധതി മുഖേന നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10714 പ്രവാസി കുടുംബങ്ങൾക്ക് 69.82 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് പ്രവാസിയായി രണ്ട് വർഷം ജോലി ചെയ്തിരിക്കേണ്ടതാണ് എന്ന നിബന്ധന ഒരു വർഷമായി കുറയ്ക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | സാന്ത്വന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് 'കുറഞ്ഞത് രണ്ട് വർഷം പ്രവാസിയായിരിക്കണം' എന്ന നിബന്ധന പാലിക്കുന്ന അപേക്ഷകൾ തന്നെ ധാരാളം ലഭ്യമാകുന്നുണ്ട്. പ്രസ്തുത നിബന്ധനയിൽ ഇളവു നൽകുന്നകാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ